"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് - താല്കാലികാടിസ്ഥാനത്തിലുള്ള ഡെപ്യൂട്ടി മാനേജർ തസ്തികയുടെ കരാർ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് - അനുമതി നല്കി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.293/2024/F&P തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:

1. 09-10-2017 തീയതിയിലെ സ.ഉ.(കൈ) നം.19/2017/മ.തു.വ
2. 28-05-2019 തീയതിയിലെ സ.ഉ. (കൈ) നം.14/2019/മ.തു.വ.
3. 18-01-2021 തീയതിയിലെ സ.ഉ. (കൈ) നം. 2/2021/മ.തു.വ.
4. മലബാർ ഇന്റർനാഷണൽ സീ പോർട്ട് & എസ്.ഇ.ഇസഡ് ലിമിറ്റഡ് എം.ഡി & സി.ഇ.ഒ. യുടെ 04-03-2024 തീയതിയിലെ MIPSL/10/Est-PC/2018/2024/778 Extension/2024/774 നം. കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിനായി പരാമർശം 1 പ്രകാരം രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് കമ്പനിയായ 'അഴീക്കൽ പോർട്ട് ലിമിറ്റഡ്" (പുതിയ പേര് "മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്") -ൽ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുൾപ്പെടെ നാല് തസ്തികകൾ കോൺട്രാക്ട് വ്യവസ്ഥയിൽ സൃഷ്ടിക്കുകയും കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്. (റിട്ട. ) നെ നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ, ഡെപ്യൂട്ടി മാനേജർ, ഫിനാൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക് എന്നീ മൂന്ന് തസ്തികകൾ 3 വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ, നിയമിച്ച് ഉത്തരവായിരുന്നു.

2. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡിൽ 03-03-2021 മുതൽ 22-10-2022 വരെ ഒരു ഡെപ്യൂട്ടി മാനേജർ സേവനം അനുഷ്ഠിക്കുകയും, 24-11-2022 മുതൽ പുതുതായി നിയമിതനായ ഡെപ്യൂട്ടി മാനേജരുടെ സേവനം തുടർന്നുവരുന്നതായും, പ്രസ്തുത തസ്തിക 05-04-2024 -ൽ 3 വർഷം തികയുന്നതായും മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് എം.ഡി. & സി.ഇ.ഒ. റിപ്പോർട്ട് ചെയ്യുകയും, അതിനാൽ, ഡെപ്യൂട്ടി മാനേജരുടെ തസ്തിക 05-04-2024 മുതൽ 3 വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിനായി പരാമർശം 4 പ്രകാരം

 

അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ് കമ്പനിയിലെ ഡെപ്യൂട്ടി മാനേജർ തസ്തികയുടെ കരാർ സേവന കാലാവധി 09-07-2019 തീയതിയിലെ സ.ഉ.(അച്ചടി)നം.81/2019/ധനം, 22-07-2022 തീയതിയിലെ പരിപത്രം നം.61/2022/Fin എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 18-01-2024 മുതൽ മുൻകാല പ്രാബല്യത്തോടെ 3 വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ, ദീർഘിപ്പിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മെ. മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ്സ് ലിമിറ്റഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (27-03-2024 തീയതിയിലെ 2731743/PU-B3/119/2018-FIN) Part(3) നം. ഫയൽ പ്രകാരം)
✓ വെബ് & ന്യൂ മീഡിയ, i&PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
P Y Usha
Date: 15-06-2024 12:24:58
സെക്ഷൻ ഓഫീസർ

പകർപ്പ്:: ബഹു. തുറമുഖ സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്